# പടവ്

Little Kites 2022-25
Holy Family High School

# ഹോളി ഫാമിലി
# ഹൈസ്കൂൾ പടത്തുകടവ്



HOLY FAMILY H S PADATHUKADAVE

DISCE ET LABORA

റവന്യൂ ജില്ല

**കോഴിക്കോട്**

ഉപജില്ല

**വടകര**

വിദ്യാഭ്യാസ ജില്ല

**കുന്നമ്മൽ**

പ്രധാന ആദ്ധ്യാപകൻ

**ഫ്രാൻസിസ് സെബാസ്റ്റ്യൻ**

പി ടി എ പ്രസിഡന്റ്

**ഡെന്നീസ് ടി മാത്യൂ**

എം പി ടി എ പ്രസിഡന്റ്

**ഷിജ രജീഷ്**

# ആമുഖം

1984 ൽ കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിലെ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിലെ ഉൾനാടൻ ഗ്രാമമായ പടത്തുകടവിൽ ആരംഭിച്ച കൊച്ചു വിദ്യാലയമാണ് ഹോളി ഫാമിലി ഹൈ സ്കൂൾ.പഠന പാഠ്യേതര വിഷയങ്ങളിൽ എന്നും മുൻപന്തിയിൽ നിൽക്കുന്ന വിദ്യാലയം പ്രകൃതി ഭംഗിയാലും സമ്പുഷ്ടമാണ്.

പ്രകൃതിയെ തൊട്ടറിയാൻ സാധിക്കുന്ന പഠന അന്തരീക്ഷം.പ്രകൃതി സൗഹൃദം ക്ലാസ്സ് മുറികൾ ഈ വിദ്യാലയത്തിന്റെ പ്രത്യേകതയിലൊന്നാണ്.പ്രകൃതി ശോഭയാൽ സമ്പുഷ്ടമായ ജാനകിക്കാട്, അതിനോട് ചേർന്നുള്ള ടൂറിസം, അതിനോട് ചേർന്നൊഴുകുന്ന പുഴ എന്നിവ ഈ വിദ്യാല യാന്തരീക് ഷത്തിന്റെ മനോഹാരിത വർദ്ധി പ്പിക്കുന്നു.

വളരെ പ്രഗൽഭരായ അദ്ധ്യാപകരുടെ കൂട്ടായ പ്രവർത്തനം സ്കൂളിന്റെ ഒരു മേന്മയാണ്. ഡിജിറ്റൽ ക്ലാസ്സ്റൂമുകളും കമ്പ്യൂട്ടർ ലാബും കുട്ടികളുടെ പഠനത്തിന്റെ മാറ്റ് കൂട്ടുന്നു.

ഹോളി ഫാമിലി ഹൈ സ്‌കൂൾ പടത്തുകടവിലെ അഭിമാന താരങ്ങളായ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെ,

വിവര സാങ്കേതിക വിദ്യയിൽ നിങ്ങളുടെ ചാതുര്യം വളരെ അഭിനന്ദനാർഹമാണ്. നിങ്ങളുടെ മികവിന്റെയും ആത്മാർത്ഥതയുടേയും നേർകാഴ്ചയായ "പടവ് " മാഗസിനിൽ വിളിച്ചോതുന്നു.വിവരസാങ്കേതിക വിദ്യയിലെ നിത്യ വിസ്മയങ്ങളായി നിങ്ങൾ ഏവരും മാറട്ടെ എന്നും നിങ്ങളുടേതായ ഒരു പുതുയുഗം പിറക്കട്ടെ എന്നും ആത്മാർത്ഥമായി ആശംസിക്കുന്നു.

പഞ്ചേന്ദ്രിയങ്ങൾക്ക് നിശ്ചയിക്കപ്പെട്ട സീമയെ തകർത്ത് അമാനുഷികമായ തലത്തിലേക്ക് പാറിക്കാൻ ഈ കുഞ്ഞുകരങ്ങൾക്ക് സാധിക്കട്ടെ , അനുഗ്രഹങ്ങൾ , അഭിനന്ദനങ്ങൾ

ഹെഡ്മാസ്റ്റർ

# എന്റെ ബാല്യകാലം

ചേമ്പില ചൂടി പള്ളിക്കൂടത്തിലേക്കും
സ്ലേറ്റ് ചൂടി വീട്ടിലേക്കും ഓടിയ കുട്ടിക്കാലം
ഓർക്കുന്നു ഞാനെന്റെ ബാല്യകാലം
ഓർമകൾ മാറാത്ത കാലം
എന്റെ മനസ്സിൽ ഇന്നും എന്നും തെളിയുന്ന
ബാല്യകാലം
ഓർക്കാൻ കൊതിക്കുന്ന
എന്റെ ബാല്യകാലം
ഓർമകൾ മാത്രമാണ് ബാല്യകാലം
ചിതറികിടക്കുന്ന ചിന്തകൾ എപ്പോഴും
എന്റെ ബാല്യകാലം

# മനുഷ്യന്റെ ക്രൂര ഗർജ്ജനം

ഒരു തള്ളക്കിളിയിതാ പറന്നടുക്കുന്നു -
തൻ മരച്ചില്ലയിലെ കൂട്ടിലണയുവാനായ്
അമ്മ തൻ നെഞ്ചിൽ എരിയും തീ നാളമായ്
കുഞ്ഞിനടുത്തേക്ക് പറന്നടുത്തു
 അമ്മതൻ ചിറകിലെയിത്തിരി ചൂടിൽ
 കുഞ്ഞിക്കിളിയിതാ മയങ്ങുന്നു
 അമ്മതൻ വാത്സല്യ ലഹരിയിൽ
 കുഞ്ഞുങ്ങളെല്ലാം പറന്നുയർന്നു



തള്ളക്കിളിയും കുഞ്ഞുങ്ങളും
നീലാകാശത്തിലാർത്തുല്ലസിച്ചു
കൂട്ടിലേക്കണയുവാനെത്തിയ
തള്ളക്കിളിയും കുഞ്ഞും ഭയന്നുപോയി
 കുഞ്ഞിക്കിളിയിതാ കരയുന്നു , അലറുന്നു
 എവിടെയെൻകൂട്, എവിടെയെൻ ലോകം
 എവിടെനിന്നോ ഒരു ഗർജ്ജനം
 അത് മനുഷ്യനായിരുന്നു

# ബാല്യകാലം

അമ്മ തൻ നെഞ്ചിൽ ചാഞ്ഞുറങ്ങാൻ
കൊതിച്ചൊരുബാല്യകാലം
വാൽസല്യ നിധിയായ അമ്മ തൻ ചൂടേറ്റ്
ഉറങ്ങിയ കുട്ടികാലം
പോയി മറഞ്ഞൊരു അമ്മ തൻ വാൽസല്യകാലം
തിരിച്ചു കിട്ടാൻ ആഗ്രഹിക്കുന്നൊരു
സ്നേഹകാലം
ചെറിയ ചെറിയ കുറുമ്പുകൾ കാട്ടി തല്ലുമേടിച്ച
കാലം.

-സെറീൻ എലിസബത്ത്

# മാമ്പഴകാലം

പാതവക്കിലൊരു നൽ കിളിച്ചുണ്ടൻ
മാവതിൽ നിറയെ പഴുത്ത മാങ്ങകൾ
കാക്കയും കുയിലും മാടതത്തയും
മാവിൻ കൊമ്പിലിരുന്ന് ഭുജിച്ചിടുന്നു.
അണ്ണാറക്കനണ്ടിയുമായി മാവിൻ
മുകളിലും താഴെയുമായി ഓടികളിച്ചു.
കാറ്റത്തുമാമ്പഴം വിഴുമ്പോളുത്സാഹത്തോടെ
ഓടിയണഞ്ഞു കിടാങ്ങൾ പിടിവലിയായി
മാവിൻ കൊമ്പിലൊരുഞ്ഞാലുകെട്ടി
മാത്തനും പോത്തനും കിട്ടനും മമ്മതും
മത്സരിച്ചൂഞ്ഞാലാടിക്കളിച്ചു രസിച്ചു
പള്ളിനീരാട്ടിനർക്കനറബിക്കടലിൽ
അണഞ്ഞനേരത്തവരും കചലിലെത്തി
ചെങ്കതിർവീശി സൂര്യഭഗവാനസ്തമനം
സ്നാനം ചെയ്തു മടങ്ങിയാനിക്കുളങ്കർ

- റിഫ ഫാത്തിമ

കവിത

## വിസ്മയം

പ്രകൃതി ഒരു വിസ്മയം വിസ്മയത്തിന്റെ കലവറ
ചെമ്പകത്തിന്റെ സുഗന്ധം പരത്തിയെത്തുന്ന കാറ്റ്
കള കള  മുഴക്കി ഒഴുകുന്ന പുഴ
ചിറകടിച്ച് താളത്തിൽ  പറക്കുന്ന പക്ഷികൾ
പകൽ പ്രകാശം പരത്തുന്ന സൂര്യൻ
രാത്രി നിലാവ് പരത്തുന്ന ചന്ദ്രൻ
കണ്ണിന് വിസ്മയം ഏകുന്ന നക്ഷത്രങ്ങൾ
കൊടിയവേനലിൽ കുളിരായി ഓടിയെത്തുന്ന മഴ
സപ്തവർണ്ണങ്ങളാൽ  എത്തുന്ന മാരിവില്ല്
ഓരം തേടിയെത്തുന്ന തിരമാല
അങ്ങനെ അങ്ങനെ കണ്ണിന് വിസ്മയവും
മനസിന് കുളിർമ്മയും ഏകുന്ന
നിരവധി വിസ്മയങ്ങളാൽ സമ്പന്നമായ
നമ്മുടെ പ്രകൃതി.

-സെറൈൻ എലിസമ്പത്ത്

# നിലവിന്റെ രാവിൽ

മുല്ലമൊട്ടുകൾവിതറി എത്തുന്നു
സായാന്നത്തെ വരവേൽകാൻ
എത്തുന്ന പൂനിലാവ്
സൗന്ദര്യം നികുടമാക്കുന്നു
പ്രകൃതി ഭംഗി രമ്യത അണിയുന്നു
താളത്തിന്റെ ഓളത്തിന്റെ
പൂനിലാവ് രാത്രിതന്നെ വെളിച്ചമാ
കാൻ ഓടയെത്തുന്നു. മിന്നാമിനുങ്ങ്
വെളിച്ചമാകാൻ പോലെ ദൂതായി
എത്തുന്നുല. പോലെതന്നെ
വർണനത്തിന്റെ ലോകത്തിൽ
മയങ്ങുന്നു മനുഷ്യൻ തന്നെ
പൂനിലാവിന്റെ പ്രഭയിൽ ചൊരിയുന്നു

BY,
JENCY V.S
9:A

# പഴഞ്ചൊല്ലുകൾ

1. ഉപ്പ് തിന്നവൻ വെള്ളം കുടിക്കും
2. സമ്പത്ത് കാലത്ത് തൈപത്ത് വെച്ചാൽ
അപത്ത് കാലത്ത് കാപത്ത് തിന്നാം
3. അടിക്കടി വടി മിച്ചം
4. അകത്ത് രോമം പുറത്ത് കത്തി
5. അകത്തെ അഴക് മുഖത്ത് അറിയാം
6. അത്തം പത്തിന് പൊന്നോണം
7. അടിതെറ്റിയാൽ ആനയും വീഴും
8. അത്തവർഷം അതിശക്തം
9. അടക്കമില്ലാത്ത തത്ത അടുപ്പിൽ
10. മിന്നുന്നതെല്ലാം പൊന്നല്ല

# സൂര്യ കിരണം

രാവിനെ വരവേൽക്കാനെത്തുന്ന സൂര്യൻ
നയനങ്ങളിൽ പ്രകാശം ചൊരിയുന്നു നീ
പുതുരാവിനെ തഴുകി ഉണർത്തുന്ന സൂര്യ നീ
ആകാശഗംഗയുടെ മുത്താണ്
ശ്രേഷ്ഠമായ നിൻ പ്രഭയിൽ
ശോഭിക്കും നിൻ വർണങ്ങൾ

\` - അൻഫ അഷ്റഫ്

# മനുഷ്യന്റെ ക്രൂര ഗർജ്ജനം

ഒരു തള്ളക്കിളിയിതാ പറന്നടുക്കുന്നു -
തൻ മരച്ചില്ലയിലെ ക്കൂട്ടിലണയുവാനായ്
അമ്മ തൻ നെഞ്ചിൽ എരിയും തീ നാളമായ്
കുഞ്ഞിനടുത്തേക്ക് പറന്നടുത്തു
അമ്മതൻ ചിറകിലെയിത്തിരി ചൂടിൽ
കുഞ്ഞിക്കിളിയിതാ മയങ്ങുന്നു
അമ്മതൻ വാത്സല്യ ലഹരിയിൽ
കുഞ്ഞുങ്ങളെല്ലാം പറന്നുയർന്നു
തള്ളക്കിളിയും കുഞ്ഞുങ്ങളും
നീലാകാശത്തിലാർത്തുല്ലസിച്ചു
ക്കൂട്ടിലേക്കണയുവാനെത്തിയ
തള്ളക്കിളിയും കുഞ്ഞും ഭയന്നുപോയി
കുഞ്ഞിക്കിളിയിതാ കരയുന്നു , അലറുന്നു
എവിടെയെൻക്കൂട്, എവിടെയെൻ ലോകം
എവിടെനിന്നോ ഒരു ഗർജ്ജനം
അത് മനുഷ്യനായിരുന്നു

# പകർച്ച വ്യാധി

ആധിയും വ്യാധിയും ഒരുമിച്ചു വന്നപ്പോൾ
വിദ്യാലയത്തിന്റെ വാതിലടഞ്ഞു........
കൂട്ടുകാർ കാണാതെ മിണ്ടാതെ
മനവുമടഞ്ഞു........
എന്നു തീരും ഈ മഹാദുരി-
തമെന്നെല്ലാരും.....
ഒരുപോലെ തേങ്ങി വിദ്യാലയത്തിൽ
പറന്നു നടന്നതും പാറി പറന്നതും
ഓർക്കുന്നു ഞാൻ.
ആ നല്ല നാളുകൾ ഓടി വരുന്നതും
മഴയിലും വെയിലിലും ഒത്തു കളിച്ചതും
വിങ്ങലായ് മാറുന്നു എന്റെ കണ്ണിൽ.

`

- എമിൽ റോസ്

പുറത്ത് മഴ തോരാതെ പെയ്തുകൊണ്ടിരിക്കുകയാണ്. അവൾ ജനലയുടെ അടുത്ത് ചെന്നിരുന്നു.അച്ഛൻ ഇതുവരെ കണ്ടില്ലല്ലോ ?
അമ്മയ്ക്ക് മരുന്ന് വാങ്ങി വേഗം വരാമെന്നും പറഞ്ഞ് പോയതാണ് ഇതുവരെ വന്നില്ല .'മോളെ, അച്ഛൻ ഇതുവരെ വന്നില്ലേ'? അകത്തു
നിന്നും ഒരിടറിയ ശബ്ദം അവളെ വീണ്ടും തളർത്തി. മഴയാണെങ്കിൽ തോരുന്നതും ഇല്ല.റോഡ് പോലും കാണാൻ പറ്റാത്ത തരത്തിൽ മഴ തകർത്തു പെയ്യുകയാണ്.അവൾക്ക് ദേഷ്യവും സങ്കടവും സഹിക്കാൻ കഴിഞ്ഞില്ല.അവൾ ജനലിനരികിൽ  നിന്നും എഴുന്നേറ്റ് അമ്മയുടെ അരികിൽ ചെന്നിരുന്നു . അമ്മ വേദന കൊണ്ട് പുളയുകയാണ് അമ്മയെ ആശ്വസിപ്പിക്കുകയല്ലാതെ അവൾക്ക് വേറൊന്നും തന്നെ ചെയ്യാൻ കഴിയുന്നുണ്ടായിരുന്നില്ല.അമ്മയുടെ വാടിത്തളർന്ന മുഖം
കാണുംന്തോറും അവളുടെ ഹൃദയം നുറുങ്ങുകയായിരുന്നു.ഒരിക്കൽ കൂടെ അവൾ അച്ഛനെ ഫോണിൽ വിളിച്ചു നോക്കി ഒരു വിവരവും ലഭിച്ചില്ല. അങ്ങനെ മണിക്കൂറുകൾ കഴിഞ്ഞു പോയി.മഴയുടെ ശക്തി കുറഞ്ഞു വന്നു.അച്ഛൻ ഇപ്പോൾ വന്നേക്കാം എന്നും കരുതി  അവൾ ആ ജനാലയുടെ അരികിൽ തന്നെ വീണ്ടും ഇരിപ്പായി അമ്മ കാണാതെ അവൾ കരയുകയായിരുന്നു.ചാറ്റൽ മഴ അവളുടെ മുടിയിഴകളെ തഴുകി.നേരം വൈകി വരുകയാണ് അച്ഛനെ ഇതുവരെ കണ്ടില്ല .അവൾക്ക് ഭയം കൂടികൂടി വന്നു.വേദന സഹിച്ച് അമ്മയ്ക്ക് കരയാൻ പോലും ശബ്ദം ഇല്ലാതാരിക്കുന്നു. ഇടയ്ക്ക് അവൾ അമ്മയുടെ അടുത്ത് പോയിരിക്കും.വയറിൽ കൈ അമർത്തിവച്ച് അമ്മ മിണ്ടാതെ കിടക്കുകയാണ്.'വേണ്ട അമ്മയെ ഉണർത്തേണ്ട' വേദന സഹിച്ച് ഉറങ്ങി പോയിരിക്കുന്നു പാവം.ഇനി ഒരിക്കലും തിരിച്ചുവരാത്ത അച്ഛനെയും കാത്ത് അവൾ ആ ജനലിനരികിൽ തന്നെ വീണ്ടും ഇരിപ്പായി രോഗശയ്യയിൽ കിടക്കുന്നു അമ്മയെയും ആ പത്ത് വയസ്സുകാരിയേയും തനിച്ചാക്കി അച്ഛൻ അപ്പോഴേക്കും മറ്റൊരു ലോകത്തേക്ക് പോയി കഴിഞ്ഞിരുന്നു. പുറത്ത് വീണ്ടും മഴ ശക്തിയായി പെയ്യാൻ തുടങ്ങിയിരിക്കുന്നു ......... അച്ഛന്റെ വരവും കാത്ത് ഒന്നുമറിയാതെ അവളും ആ ജനാലയുടെ അരികിൽ ഇരിപ്പായി..........

# കൂത്ത്

(ചാക്യാർകൂത്ത്)
(നങ്ങ്യാർകൂത്ത്)

ഭരതമുനിയുടെ ശിഷ്യനായ ശാക്യമുനി രൂപംകൊടുത്ത കൂത്ത് ചാക്യാർമാർ മാത്രം അവതരിപ്പിക്കുന്നതു കൊണ്ടാണധ ചാക്യാർകൂത്ത് എന്ന പേരിൽ അറിയപ്പെടുന്നത്.ചമ്പു പ്രബന്ധങ്ങളിൽ നിന്ന് ഗദ്യ-പദ്യങ്ങൾ ഉദ്ധരിച്ച്, അർഥം പറഞ്ഞു മനസ്സിലാക്കി, ഹാസ്യരൂപേണ അവതരിപ്പിക്കപ്പെടുന്ന ഈ കലാരൂപം പ്രബന്ധകൂത്ത് എന്ന പേരിലും അറിയപ്പെടുന്നുണ്ട്.

ഒരു പ്രാചീന അനുഷ്ഠാനകലയായ കൂത്ത് നാട്യ ശാസ്ത്രത്തിൽ ഭരതമുനി നിഷ്കർഷിച്ചിട്ടുള്ള അളവിൽ ക്ഷേത്രങ്ങളോട് ബന്ധപ്പെട്ട് പണികഴിപ്പിച്ചിട്ടുള്ള കൂത്തമ്പലങ്ങളിലാണ് അരങ്ങേറാറുള്ളത്

എടയ്ക്ക,മിഴാവ്,കുഴൽ,ശംഖ്,കുഴത്താളം എന്നി പഞ്ചവാദ്യങ്ങളാണ് ചാക്യാർകൂത്തിന് ഉപയോഗിക്കപെടുന്നത്.ആധുനിക കൂത്ത് വിദഗ്ധരിൽ പ്രമുഖ വ്യക്തികളായിരുന്ന മാണിമാധവ ചാക്യാർ,പൈങ്കുളം രാമ ചാക്യാർ തുടങ്ങിയവർ.

ലഹരി

ലഹരി എനിക്കുവേണ്ടി ഈ ലഹരി
എന്നെ എന്തിന് ഇരുട്ടിലാഴ്ത്തി
എന്തിന് എന്റെ വെളിച്ചം ഇല്ലാതാക്കി
എന്തിന് എന്നിലെ നന്മ കെടുത്തി
എന്തിന് എന്നിലെ കഴിവുകൾ കാർന്നെടുത്തു

എന്തിന് എന്നെ അനാഥനാക്കി
എല്ലാം കവർന്ന് എന്നെ നീ ഒന്നും ഇല്ലാതാക്കി
ഇനിയും വേണോ ഈ ലഹരി
മാറണം നമ്മുടെ ഈ ലോകം
ലഹരിയാൽ ചൂഴന്നെടുത്ത ഈ ലോകം

by,
ABEL CHACKO
8 :A

## അരുതേ!

മരനിരയമരം
വരകരശിഖരം
മരമിതു സകലം
സുരജന സുകൃതം
അരുതരുതരുതീ
മരമരിയരുതേ!
അരിയരുതമരം
മരമരിയരുതേ!
മരമിതു വളരിൽ
വളരും തോഷം;
മരമിതു കളകിൽ
പെരുകും ദോഷം.

# പ്രകൃതി വന്ദനം

ഞാറ്റുത്സവം
പള്ളിക്കൂടം തുറന്നു ജൂണിൽ
കൂട്ടിനു വന്നു മഴക്കാലം
പഠിപ്പിനൊപ്പം കളിയും കാര്യവു-
മാക്കാം നമ്മൾക്കിക്കാലം
ആഘോഷിക്കുക വിശേഷമായ് വന-
മഹോത്സവം നാമെല്ലാരും
തിരുവോണത്തിനു മുമ്പേ എത്തും
തിരുവാതിര ഞാറ്റുത്സവം
മരം വളർത്തുക വനം വളർത്തുക
നമുക്കു കാണാൻ കൺകളിരെ
പൂവും കായും തണലും സുഖവും
നമുക്കു നുകരാമൊരു പോലെ
മരം മരത്തിനു വേണ്ടീട്ടല്ല
മനുഷ്യവംശം നിലനിർത്താൻ
മരം വളർത്തുക വനം വളർത്തുക
ദൈവം ചൊരിയും അനുഗ്രഹം.

പി.ഐ. ശങ്കരനാരായണൻ

# Discovery of chorine

In 1774 a scientist called Carl William Scheele discoverd chlorine gas. But, he didn't recognize It as an element at that time. It was Humphery Davy who confirmed that chlorine also is an elemnt. The name 'chlorine' was derived from the word 'chloros' which means greenish yellow.

# Discovery of oxygen

In 1774 a scientist nammed joseph priestley discovered.But its name oxygen was given by the French scientist Lavosier.

Joseph Priestly
(1733-1804)